I/118456/2023

**തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിൻറ് ഡയറക്ടറുടെ**
**കാര്യാലയം, മലപ്പുറം**

ഇമെയിൽ : jdlsgdmpm@gmail.com

തീയ്യതി : 07-11-2023
ഫോൺ : 0483- 2734838

**ജില്ലാ സ്ഥിരം അദാലത്ത് സമിതി**

കെട്ടിട നിർമ്മാണ പെർമിറ്റ്, പൂർത്തീകരണം, ക്രമവൽക്കരണം, കെട്ടിട നമ്പറിംഗ്, ലൈസൻസുകൾ, ജനന മരണ വിവാഹ രജിസ്ട്രേഷൻ, എന്നീ വിഷയങ്ങളിൽ അപേക്ഷ നൽകിയിട്ട് നിശ്ചിത സമയപരിധിക്കുള്ളിൽ സേവനം നൽകാത്ത കാര്യത്തിൽ ഹർജി പരിഗണിക്കുന്നതിന് ജില്ല സ്ഥിരം അദാലത്ത് സമിതി വെബ്സൈറ്റ് (adalat.lsgdkerala.gov.in)

**അദാലത്ത് നമ്പർ -5, തീയതി-27/10/2023 -യോഗത്തിന്റെ നടപടി കുറിപ്പ്**

**27/10/2023 വെള്ളിയാഴ്ച ഉച്ചക്ക് ശേഷം 3.00 മണിക്ക് ബഹു.ജില്ലാ ജോയിൻറ് ഡയറക്ടറുടെ ചേമ്പറിൽ വച്ച് ജില്ലാ സ്ഥിരം അദാലത്ത് സമിതി യോഗം ചേർന്നു.**

**ഹാജർ**

1) **ശ്രീമതി. പ്രീതി മേനോൻ, തദ്ദേശസ്വയംഭരണ വകുപ്പ് ജോയിൻറ് ഡയറക്ടർ മലപ്പുറം & ചെയർ പേഴ്സൺ ജില്ലാസ്ഥിരം അദാലത്ത് സമിതി**
2) **ശ്രീമതി. റെനി എൽ.ജെ, ഡെപ്യൂട്ടി ടൗൺ പ്ലാനർ, മലപ്പുറം**
3) **ശ്രീ.സുഭാഷ് ചന്ദ്രൻ കെ.പി, Jr EE, ഓഫീസ് LID &EW**
4) **ശ്രീ. കൃഷ്ണകുമാർ.ജി, ജൂനിയർ സൂപ്രണ്ട്, ജോയിൻറ് ഡയറക്ടർ ഓഫീസ്, മലപ്പുറം**
5) **ശ്രീമതി.വിമിഷ. കെ, ക്ലാർക്ക് ജോയിന്റ് ഡയറക്ടർ ഓഫീസ്, മലപ്പുറം**
6) **ശ്രീ. സ്മിജിത്ത്, ജൂനിയർ സൂപ്രണ്ട്, അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത്**

**കൃത്യം 3 മണിക്ക് യോഗം ആരംഭിച്ചു.**

**ജില്ലാ തലത്തിലേക്ക് എസ്കലേറ്റ് ചെയ്യപ്പെട്ട അങ്ങാടിപ്പുറം ഗ്രാമ പഞ്ചായത്തിൽ നിന്നുള്ള 2 പരാതികൾ ഉണ്ടായിരുന്നു.**

**ശ്രീ.വിജയൻ ചൂണ്ടപ്പറമ്പിൽ, പുത്തനങ്ങാടി എന്നയാൾ കെട്ടിട നമ്പർ ലഭിക്കുന്നതിന് 24/08/2023 തീയതിയിലെ അപേക്ഷയിൽ കാലതാമസം നേരിട്ടതിനാൽ ഉപജില്ലാ അദാലത്തിൽ നിന്നും ജില്ലാ അദാലത്ത് സമിതിയിലേക്ക് നിർദ്ദേശിക്കപ്പെട്ട പരാതിയിന്മേൽ സെക്രട്ടറി അങ്ങാടിപ്പുറം ഗ്രാമ പഞ്ചായത്ത് സമർപ്പിച്ച വിശദീകരണം പരിശോധിച്ചു.**

I/118456/2023

കെട്ടിട നമ്പർ ലഭിക്കുന്നതിന്  നല്കിയ അപേക്ഷയിൽ 09/10/2023 ന് ഒക്യുപെൻസി സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുള്ളതും 12/10/2023 തീയതിയിലെ 2023/11505 നമ്പർ ഫയൽ പ്രകാരം കെട്ടിട നമ്പർ അനുവദിക്കുന്നതിന് ഫോം 2 അപേക്ഷ ലഭ്യമാക്കിയിട്ടുള്ളതിന്മേൽ 19/132 കെട്ടിട നമ്പർ അനുവദിച്ച വിവരം സെക്രട്ടറി അറിയിച്ചു.

ശ്രീ.രജീഷ് സി.ടി,  താഴത്തേതിൽ, പരിയാരം റോഡ്, അങ്ങാടിപ്പുറം എന്നയാൾ കെട്ടിട നമ്പർ ലഭിക്കുന്നതിന് 26/08/2023 തീയതിയിലെ അപേക്ഷയിൽ കാലതാമസം നേരിട്ടതിനാൽ ഉപജില്ലാ അദാലത്തിൽ നിന്നും ജില്ലാ അദാലത്ത് സമിതിയിലേക്ക് നിർദ്ദേശിക്കപ്പെട്ട പരാതിയിന്മേൽ സെക്രട്ടറി അങ്ങാടിപ്പുറം ഗ്രാമ പഞ്ചായത്ത് സമർപ്പിച്ച വിശദീകരണം പരിശോധിച്ചു.

കെട്ടിട നമ്പർ ലഭിക്കുന്നതിന്  നല്കിയ അപേക്ഷയിൽ 16/10/2023 തീയതിയിൽ ഒക്യുപെൻസി സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുള്ളതും കൂടാതെ 17/10/2023 തീയതിയിലെ 2023/11714 നമ്പര് ഫയൽ പ്രകാരം കെട്ടിട നമ്പർ അനുവദിക്കുന്നതിന് ഫോം 2 അപേക്ഷ ലഭ്യമാക്കിയിട്ടുള്ളതിന്മേൽ 15/510 നമ്പർ കെട്ടിടത്തിന്റെ കരം പുതുക്കി നൽകിയ വിവരം സെക്രട്ടറി അറിയിച്ചു.

അപേക്ഷകളിൽ കാലതാമസം വന്നത് ജീവനക്കാരുടെ ഒഴിവ് മൂലമാണെന്ന് അങ്ങാടിപ്പുറം ജൂനിയർ സൂപ്രണ്ട് യോഗത്തെ അറിയിച്ചു. സേവനം നൽകുന്നതിൽ കാലതാമസം നേരിട്ടു എങ്കിലും നിലവിൽ കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ളതിനാലും ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണം പരിഗണിച്ചും മേലിൽ അപേക്ഷകളിന്മേൽ സേവനം നൽകുന്നതിന് കാലതാമസം വരുത്തരുതെന്ന് അങ്ങാടിപ്പുറം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

യോഗം 4 10 .മണിക്ക് അവസാനിച്ചു.

വിശ്വസ്തതയോടെ

Signed by
Preeti Menon
Date: 07-11-2023 15:22:48

ജോയിൻറ് ഡയറക്ടർ

മലപ്പുറം

പകര്പ്പ്:-  സെക്രട്ടറി, അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത്